ഖാദി ഗ്രാമ വ്യവസായങ്ങൾക്കാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ

158 [1876] ശ്രീമതി രാധാ രാഘവൻ :

ശ്രീ. എം. എ. ചന്ദ്രശേഖരൻ :

„ വി. ജെ. പൗലോസ് :

„ എം. കെ. പോൾസൺ മാസ്റ്റർ :

„ ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെല്ലാം ഖാദി ഗ്രാമവ്യവസായ പ്രവർത്തനങ്ങൾക്കാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ;

(ബി) എന്തെല്ലാം വ്യവസായങ്ങൾ നടത്തുവാനുള്ള സൗകര്യങ്ങളാണ് ഇവിടെ ഏർപ്പെടുത്തിയിട്ടുള്ളത് ;

(സി) ഇപ്പോൾ എത്ര വ്യവസായങ്ങൾ പ്രവർത്തിക്കുന്നു ;

(ഡി) ഈ വ്യവസായങ്ങളിൽ എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധന

159 [1877] ശ്രീ. ടി. എം. ജേക്കബ് :

,, ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധിപ്പിക്കുകയും പിന്നീട് കുറയ്ക്കുകയും ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണ് ;

(ബി) ഇപ്പോഴത്തെ സർക്കാർ വീണ്ടും സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ കാരണമെന്താണ് ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വസ്തുവിന് ന്യായവില നടപ്പാക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ 2-12-2003-ലെ 18513/ലെജ്.എ2/2003 നമ്പർ ഉത്തരവുപ്രകാരം മുദ്ര സല നിരക്ക് കുറവ് ചെയ്തിരുന്നു. എന്നാൽ ഭൂമിയുടെ ന്യായവില നടപ്പിൽ വരാത്തതിനാൽ റവന്യൂ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് നിരക്ക് പുനഃസ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിനുവേണ്ടി 2005-ലെ കേരള ഫൈനാൻസ് ബില്ലിൽ (258-ാം നമ്പർ ബിൽ) 1959-ലെ കേരള മുദ്രപത്രനിയമം (1959-ലെ 17-ാം നമ്പർ നിയമം) ഭേദഗതി ചെയ്യുവാൻ ശുപാർശ ചെയ്തിട്ടുണ്ട്.

രജിസ്റ്റർ ചെയ്യപ്പെട്ട വിവാഹങ്ങൾ

160 [1878] ശ്രീ. ഡി. സുഗതൻ :

" എ. സുജനപാൽ :

" എം. കെ. പോൾസൺ മാസ്റ്റർ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം ഇതുവരെ എത്ര രജിസ്റ്റർ വിവാഹങ്ങൾ നടന്നിട്ടുണ്ട് ;

(ബി) ഇതിൽ 18,19 വയസ്സ് ഗ്രൂപ്പിൽപ്പെടുന്നവർ എത്രപേരുണ്ട് ;

(സി) ആൺകുട്ടികളും പെൺകുട്ടികളും പ്രായപൂർത്തിയായാലുടനെ വിവാഹ കരാറിൽ ഒപ്പുവയ്ക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നുണ്ടോ ;

(ഡി) കരാറനുസരിച്ചുള്ള രജിസ്റ്റർ വിവാഹങ്ങൾ നിയമം അനുശാസിക്കുന്ന പ്രകാരമുള്ളവയാണോ ; അല്ലെങ്കിൽ കരാറിൻപ്രകാരം വിവാഹം നടത്താൻ വരുന്നവരെ സ്പെഷ്യൽ മാരേജ് ആക്ട് അനുസരിച്ച് വിവാഹം ചെയ്യാൻ ഉപദേശിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 4467 വിവാഹങ്ങൾ നടന്നിട്ടുണ്ട്.

(ബി) 504 പേർ.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കരാറനുസരിച്ചുള്ള രജിസ്റ്റർ വിവാഹങ്ങൾക്ക് നിയമസാധുതയില്ല. ഇപ്രകാരം വിവാഹം നടത്താൻ വരുന്നവരെ ഇക്കാര്യം അറിയിക്കുന്നുണ്ട്. സ്പെഷ്യൽ മാരേജ് ആക്ട് പ്രകാരം രജിസ്ട്രേഷൻ വകുപ്പിൽ നിന്നും രജിസ്റ്റർ ചെയ്യപ്പെടുന്ന വിവാഹത്തിന് മാത്രമേ നിയമസാധുതയുള്ളൂ എന്നും വ്യക്തമാക്കുന്ന നോട്ടീസ് പ്രസിദ്ധീകരിക്കേണ്ടതാണെന്ന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശങ്ങൾ നേരത്തേതന്നെ നല്കിയിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly